**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്-പഴയ ദേശീയപാത **66** ൽ ആൽത്തറമൂട്(കിമീ.**489/000**) മുതൽ മേവറം (കിമീ.**502/800**) വരെയുള്ള **BC overlay** പ്രവൃത്തികൾ- **M/s Begorra Infrastructure Developers Pvt. Ltd** എന്ന കമ്പനി സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത്(ഡി)വകുപ്പ്**

സ.ഉ.(കൈ) നം.**54/2025/PWD** തീയതി,തിരുവനന്തപുരം, **06-10-2025**

---

പരാമർശം:-

1. സ.ഉ.(അച്ചടി)നം.**16/2017**/ധന തീയതി **06.02.2017**
2. **A S No. A S/59E/22/26010** തീയതി **30.03.2023**
3. ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ **18.12.2024, 11.07.2025** തീയതികളിലെ **CEPWD/22708/2024-DB1(W)-NH** നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പഴയ ദേശീയപാത **66** ൽ ആൽത്തറമൂട്(കിമീ.**489/000**) മുതൽ മേവറം (കിമീ.**502/800**) വരെയുള്ള **BC overlay** പ്രവൃത്തികൾക്ക് പരാമർശം **2** ലെ ഉത്തരവ് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ **1,96,00,000/-** രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതേ തുകയ്ക്കുള്ള സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആദ്യ നാല് ടെണ്ടറുകളിൽ ആരും പങ്കെടുത്തില്ല. തുടർന്ന് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത ശേഷം പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത ശേഷം ചെയ്ത **5**-ാമത്തെ ടെണ്ടറിൽ ഒരു ബിഡർ പങ്കെടുത്തു. ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് പി.എ.സി യെക്കാൾ **15.01 %** അധികമായിരുന്നു. ക്വോട്ട് ചെയ്ത തുക കുറയ്ക്കുന്നത് സംബന്ധിച്ച് ചർച്ച നടത്താൻ ബിഡ്ഡർ തയ്യാറാകാത്തതിനെത്തുടർന്ന് ബിഡ്ഡ് നിരസിക്കുകയും, പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുകയും ചെയ്തു. ആറാമത്തെ റീ ടെണ്ടറിലും ആരും പങ്കെടുത്തില്ല. **24.10.2024** ന്

നടത്തിയ 7-ാമത്തെ റീടെണ്ടറിൽ പങ്കെടുത്ത M/s Begorra Infrastructure Developers Pvt. Ltd ക്വോട്ട് ചെയ്ത തുകയായ 2,07,26,650/- രൂപ EPAC യെക്കാൾ 24.78% അധികമായ സാഹചര്യത്തിൽ ബിഡ്ഡറോട് നെഗോഷിയേഷൻ നടത്തിയെങ്കിലും തുക കുറയ്ക്കാൻ തയ്യാറായില്ല. ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് പി.എ.സിയെക്കാൾ 24.78% ഉം, DSoR 2018+10% നെക്കാൾ 10.10% ഉം, LMR തുകയെക്കാൾ 2.71% ഉം കൂടുതൽ ആണ്.

| | |
|---|---|
| EPAC(DSoR 2018) | 1,66,10,039/- |
| EPAC( DSoR 2021 പ്രകാരം കണക്കാക്കിയത്) | 1,87,22,682/- |
| LMR | 2,01,80,061/- |
| DSoR+10%(DSoR 2018) | 1,88,24,457/- |
| Quoted Amount | 2,07,26,650/- |

2018)

2. ക്വോട്ട് ചെയ്ത തുക പരാമർശം 1 പ്രകാരമുള്ള മാനദണ്ഡമായ *quoted rate / DSoR+10% / LMR whichever is less* എന്നതിനെക്കാൾ അധികമായതിനാലും, പ്രവൃത്തി 11 തവണ ടെണ്ടർ ചെയ്തു എന്നതിനാലും, ക്വോട്ട് ചെയ്ത തുക നിലവിലുള്ള DSoR2021 പ്രകാരം കണക്കാക്കിയാലുള്ള എസ്റ്റിമേറ്റിനെക്കാൾ 10.70% മാത്രം കൂടുതലാണ് എന്നതിനാലും, ഭരണാനുമതി നൽകിയ ശേഷം 2 വർഷം കഴിഞ്ഞതിനാലും റോഡിന്റെ അവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണ് എന്നതിനാലും ടെണ്ടർ അംഗീകരിക്കുന്ന വിഷയത്തിൽ സർക്കാർ തീരുമാനം എടുക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഴയ ദേശീയപാത 66 ൽ ആൽത്തറമൂട്(കിമീ.489/000) മുതൽ മേവറം (കിമീ.502/800) വരെയുള്ള BC overlay പ്രവൃത്തികൾ നടപ്പാക്കുന്നതിന് M/s Begorra Infrastructure Developers Pvt. Ltd എന്ന കമ്പനി

ക്വോട്ട് ചെയ്ത തുകയായ **2,07,26,650/-** ( രണ്ട് കോടി ഏഴ് ലക്ഷത്തി ഇരുപത്തി ആറായിരത്തി അറുനൂറ്റി അൻപത് രൂപ മാത്രം) രൂപ എസ്റ്റിമേറ്റ് പി.എ.സിയെക്കാൾ **24.78%** ഉം, **DSoR2018+10%** നെക്കാൾ **10.10%** ഉം, **LMR** തുകയെക്കാൾ **2.71%** ഉം കൂടുതൽ ആയിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ അംഗീകരിച്ച്, **06.02.2017** തീയതിയിലെ സ.ഉ.(അച്ചടി)നം.**16/2017**/ധന നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള മാനദണ്ഡമായ **quoted rate / DSoR+10% / LMR whichever is less** എന്നതിൽ ഇളവ് നൽകിക്കൊണ്ട് ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ ദേശീയപാത വിഭാഗം

സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദേശീയപാത, സെൻട്രൽ സർക്കിൾ, കൊച്ചി

ധനകാര്യ വകുപ്പ് **(I&PW-B1/49/2025-FIN (E 3028702)** തീയതി **02.06.2025)**

പൊതുഭരണ എസ്.സി വകുപ്പ് ( ഇനം നമ്പർ **3271** തീയതി **24.09.2025)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Sudha B
Date: 06-10-2025 13:26:45

സെക്ഷൻ ഓഫീസർ

പകർപ്പ്-
മുഖ്യമന്ത്രിയുടെ പി.എസ് ന്
പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-09-2025

ഫയൽ നം. D3/551/2024/PWD. ഇനം നം: 3271

വിഷയം : പൊതുമരാമത്ത് വകുപ്പ് - പഴയ ദേശീയപാത 66-ൽ കി.മീ. 489/000 മുതൽ 502/800 വരെയുള്ള ട്രാഫിക് സേഫ്റ്റി പ്രവൃത്തികൾ - നിലവിലുള്ള മാനദണ്ഡമായ DSR+10% എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

38271

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | D3/551/2024-PWD |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | പഴയ ദേശീയപാത 66 ൽ കിമീ 489/000 മുതൽ 502/800 വരെയുള്ള ട്രാഫിക് സേഫ്റ്റി പ്രവൃത്തികൾ- നിലവിലുള്ള മാനദണ്ഡമായ DSR+10% എന്നതിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26.07.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഷിബു എ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.08.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.09.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ.പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.09.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.09.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1.പഴയ ദേശീയപാത 66 ൽ ആൽത്തറമൂട്(കിമീ.489/000) മുതൽ മേവറം (കിമീ.502/800) വരെയുള്ള BC overlay പ്രവൃത്തികൾക്ക് M/s Begorra Infrastructure Developers Pvt. Ltd എന്ന കമ്പനി സമർപ്പിച്ച ടെണ്ടർ സ്വീകരിക്കണമെന്ന ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷയാണ് ഈ കുറിപ്പിലെ വിഷയം .

2. പഴയ ദേശീയപാത 66 ൽ ആൽത്തറമൂട്(കിമീ.489/000) മുതൽ മേവറം (കിമീ.502/800) വരെയുള്ള BC overlay പ്രവൃത്തികൾക്ക് A S No. A S/59E/22/26010 Dtd 30/3/2023 പ്രകാരം 1,96,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. PWD/NH/EST_TS/21630/2023_5_1_1 Dated: 27-12-2023 പ്രകാരം അതേ തുകയ്ക്കുള്ള സാങ്കേതിക അനുമതിയും നൽകിയിരുന്നു.പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ആദ്യ നാല് ടെണ്ടറുകളിൽ ആരും പങ്കെടുത്തില്ല. തുടർന്ന് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത ശേഷം പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തു. എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത ശേഷം ചെയ്ത 5-ാമത്തെ ടെണ്ടറിൽ ഒരു ബിഡർ പങ്കെടുത്തു. ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് പി.എ.സി യെക്കാൾ 15.01 % അധികമായിരുന്നു. ക്വോട്ട് ചെയ്ത തുക കുറയ്ക്കുന്നത് സംബന്ധിച്ച് ചർച്ച നടത്താൻ ബിഡ്ഡർ തയ്യാറായില്ല. അതിനാൽ ബിഡ്ഡ് നിരസിക്കുകയും, പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുകയും ചെയ്തു. ആറാമത്തെ റീ ടെണ്ടറിലും ആരും പങ്കെടുത്തില്ല. 24.10.2024 ന് നടത്തിയ 7-ാമത്തെ റീടെണ്ടറിൽ പങ്കെടുത്ത M/s Begorra Infrastructure Developers Pvt. Ltd ക്വോട്ട് ചെയ്ത തുകയായ 2,07,26,650/- രൂപ EPAC യെക്കാൾ 24.78% അധികമായ സാഹചര്യത്തിൽ ബിഡ്ഡറോട് നെഗോഷിയേഷൻ നടത്തിയെങ്കിലും തുക കുറയ്ക്കാൻ തയ്യാറായില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവിധ നിരക്കുകൾ താരതമ്യം ചെയ്തത് ചുവടെ നൽകിയിരിക്കും പ്രകാരമാണ്.

| | |
|---|---|
| EPAC | 1,66,10,039/- |
| LMR | 2,01,80,061/- |
| DSoR+10% | 1,88,24,457/- |
| Quoted Amount | 2,07,26,650/- |

3.ഫയൽ ധനകാര്യ വകുപ്പിന് അയക്കുകയും , ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട് ""*In case AD is of the opinion that no better response is expected on recall of tenders, the single tender of M/s Begorra Infrastructure Developers Pvt. Ltd at their quoted rate of Rs.2,07,26,650/- (24.78% above EPAC) may be submitted before the Council of Ministers, for acceptance of tender excess with valid justifications.*""

4. 06.02.2017 ലെ സഉ(അച്ചടി)നം.16/2017/ധന പ്രകാരം "the condition to allow maximum tender excess is at the quoted rate/LMR or DSR+ 10% whichever is less" എന്ന് വ്യക്തമാക്കിയിരിക്കുന്നു. പ്രവൃത്തി , എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് മുൻപ് 4 തവണയും റീകാസ്റ്റ് ചെയ്തതിന് ശേഷം 7 തവണയും ടെണ്ടർ ചെയ്തു. റീകാസ്റ്റ് ചെയ്തതിന് ശേഷമുള്ള 7-ാമത്തെ ടെണ്ടറിൽ M/s Begorra Infrastructure Developers Pvt. Ltd സമർപ്പിച്ച ബിഡ്ഡിൽ 2,07,26,650/- രൂപ ക്വോട്ട് ചെയ്തിരുന്നു. എന്നാൽ ഈ തുക എസ്റ്റിമേറ്റ് പി.എ.സിയെക്കാൾ 24.78% ഉം, DSoR2018+10% നെക്കാൾ 10.10% ഉം, LMR തുകയെക്കാൾ 2.71% ഉം അധികമാണ്. ക്വോട്ട് ചെയ്ത തുക കുറയ്ക്കുന്നതിന് വേണ്ടി ബിഡ്ഡറോട് ചർച്ച നടത്തിയിരുന്നു എങ്കിലും തുകയിൽ കുറവ് വരുത്താൻ ബിഡ്ഡർ തയ്യാറായില്ല. DSoR2021 പ്രകാരം കണക്കാക്കുമ്പോൾ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 1,87,22,682/- രൂപ ആകും എന്ന് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അതിനാൽ ക്വോട്ട് ചെയ്ത തുക DSoR2021 പ്രകാരം കണക്കാക്കിയ എസ്റ്റിമേറ്റ് പി.എ.സി യെക്കാൾ 10.70% മാത്രം കൂടുതലാണ്.DSoR 2021 പ്രകാരം കണക്കാക്കിയ എസ്റ്റിമേറ്റിനെ ക്വാട്ട് ചെയ്ത തുകയുമായി ചുവടെ നൽകിയിരിക്കും പ്രകാരം താരതമ്യം ചെയ്യാം.

| | |
|---|---|
| EPAC(DSoR 2018) | 1,66,10,039/- |
| EPAC(DSoR 2021) | 1,87,22,682/- |
| DSoR2021+10% | 2,05,94,951/- |
| Quoted amount | 2,07,26,650/- |

നിലവിൽ ഈ റോഡിൽ രൂപപ്പെട്ട കുഴികൾ താൽകാലികമായി അടച്ചിട്ടുണ്ട്. മഴക്കാലമായതിനാലും, ഭരണാനുമതി നൽകിയ ശേഷം 2 വർഷം കഴിഞ്ഞതിനാലും റോഡിന്റെ അവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണ് എന്നതിനാൽ ടെണ്ടർ എക്സസിന് അനുമതി നൽകണമെന്ന് ദേശീയപാത വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

5.ഇക്കാര്യം മന്ത്രിസഭയുടെ മുമ്പാകെ സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

പഴയ ദേശീയപാത 66 ൽ ആൽത്തറമൂട്(കിമീ.489/000) മുതൽ മേവറം (കിമീ.502/800) വരെയുള്ള BC overlay പ്രവൃത്തികൾക്ക് ക്ഷണിച്ച ടെണ്ടറിൽ Single Bidder ആയ M/s Begorra Infrastructure Developers Pvt. Ltd സമർപ്പിച്ച ക്വോട്ട് ചെയ്ത തുകയായ 2,07,26,650/- രൂപ എസ്റ്റിമേറ്റ് പി.എ.സിയെക്കാൾ 24.78% ഉം, DSoR2018+10% നെക്കാൾ 10.10% ഉം, LMR തുകയെക്കാൾ 2.71% ഉം കൂടുതൽ ആയിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ അംഗീകരിച്ച്, 06.02.2017 തീയതിയിലെ സ.ഉ.(അച്ചടി)നം.16/2017/ധന നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള മാനദണ്ഡമായ quoted rate / DSoR+10% / LMR whichever is less എന്നതിൽ ഇളവ് നൽകിക്കൊണ്ട് ടെണ്ടർ അംഗീകരിക്കാവുന്നതാണോ?